# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 743 — 12.12.2012-ലെ മറുപടിക്ക്

## കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫുഡ് അനലിറ്റിക്കൽ ലാബുകളാണ് ഗവൺമെന്റ്, പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് ചീഫ് ഗവ: അനലിസ്റ്റ് ലാബും, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അനലിറ്റിക്കൽ ലാബും, ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുന്നതിനായി പത്തനംതിട്ടയിൽ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ലാബുകളുടെയും വിശദാംശങ്ങൾ ലഭ്യമല്ല. കൊച്ചിയിൽ പ്രവർത്തിക്കുന്ന എസ്.ജി.എസ് ഇന്ത്യ (പ്രൈവറ്റ്) ലിമിറ്റഡ്, ഇന്റർ ഫീൽഡ് ലബോറട്ടറി, സെന്റർലിംഗ് ടെസ്റ്റ് ഹൗസ്, എന്നീ സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്പൈസസ് ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു ലാബും, എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസിയുടെ ഒരു ലാബും സിവിൽ സപ്ലൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ കോന്നിയിൽ ഒരു ലാബും, കശുവണ്ടി വികസന കയറ്റുമതി ഏജൻസിയുടെ നിയന്ത്രണത്തിൽ കൊല്ലത്ത് ഒരു ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പാലും അനുബന്ധ ഉല്പന്നങ്ങളും പരിശോധിക്കുന്നതിനായി ഒരു ലാബും, കോക്കനട്ട് |

ഡവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ വെളിച്ചെണ്ണ പരിശോധിക്കുന്നതിനായി ഒരു ലാബും പ്രവർത്തിക്കുന്നുണ്ട്.

ബി) ഇതിൽ എത്ര ലാബുകൾക്കാണ് എൻ.എ.ബി.എൽ അക്രിഡിറ്റേഷനോ സെൻട്രൽ ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അക്രഡിറ്റേഷനോ ലഭിച്ചിട്ടുള്ളത്;

ബി) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ലാബുകൾക്ക് അക്രിഡിറ്റേഷൻ ലഭ്യമായിട്ടില്ല. എന്നാൽ എഫ്.എസ്.എസ്.എ യുടെ താത്ക്കാലിക അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്പൈസസ് ബോർഡിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി ഇവാലുവേഷൻ ലബോറട്ടറിക്കും. എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി ലബോറട്ടറിക്കും. സ്വകാര്യ മേഖലയിലെ എസ്.ജി.എസ് ഇന്ത്യാ (പ്രൈവറ്റ്) ലിമിറ്റഡ്. ഇന്റർഫീൽഡ് ലബോറട്ടറി. സ്റ്റെർലിംഗ് റെസ്റ്റ് ഹൗസ് എന്നിവക്ക് എൻ.എ.ബി.എൽ അക്രിഡിറ്റേഷനും. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

സി) സംസ്ഥാനത്ത് ലഭിക്കുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി പീരിയോഡിക്കൽ പരിശോധന ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ;

സി) സംസ്ഥാനത്ത് ലഭ്യമാകുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താൻ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ പരിശോധനയ്ക്കായി എടുക്കാറുണ്ട്. കൂടാതെ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സും പരിശോധന നടത്തുന്നുണ്ട്.

ഡി) കുപ്പിവെള്ളം ശേഖരിക്കുന്ന ഉറവിടം പരിശോധിക്കാനും കീടനാശിനി പോലുള്ള പദാർത്ഥങ്ങൾ അതിൽ അടങ്ങിയിട്ടില്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ആയതിലേക്കുള്ള സത്വര നടപടി കൈക്കൊള്ളുമോ; എല്ലാ കുപ്പിവെള്ളത്തിന്റെയും സ്രോതസ്സ് പരിശോധിക്കാനും കീടനാശിനിയുടെ അംശം ഇല്ലെന്ന് ഉറപ്പു വരുത്താനും നടപടി സ്വീകരിക്കുമോ;

ഡി) കുപ്പിവെള്ളത്തിൽ കീടനാശിനി പോലുള്ള പദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ടോ എന്നുള്ള പരിശോധന നടത്തുന്നതിനുള്ള ഉപകരണങ്ങൾ നിലവിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പ്രവർത്തന സജ്ജമല്ല. ആയതിനാൽ ഇത്തരം സംവിധാനമുള്ള മറ്റ് ലാബുകളുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ